തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# വധശ്രമക്കേസ്: പ്രതി പിടിയിൽ

## നിരോധിത പുകയില ഉല്പന്നവിൽപ്പന: രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം:- ആട്ടോറിക്ഷ ഡ്രൈവറെ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതിയെ സിറ്റി പോലീസ് പിടികൂടിയതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. നെട്ടയം വാർഡിൽ എ.കെ.ജി നഗർ വിഷ്ണു ഭവനിൽ വിഷ്ണു (27)-നെയാണ് മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്തത്. 13.02.2020-നാണ് കേസ്സിന് ആസ്പദമായ സംഭവം നടന്നത്. നെട്ടയം മഞ്ജു ഭവനിൽ സനൽ കുമാറിനെയാണ് ഇയാൾ കൊലപ്പെടുത്താൻ ശ്രമിച്ചത്. സനൽ കുമാറും ബന്ധുക്കളും വീട്ടിൽ ഉച്ചത്തിൽ സംസാരിച്ചത് ഇഷ്ടപ്പെടാതെ അയൽവാസിയായ പ്രതി വിഷ്ണു, സനൽകുമാറിന്റെ വീട്ടിൽ അതിക്രമിച്ച് കടന്ന് വാക്കേറ്റത്തിൽ ഏർപ്പെടുകയും വടിവാൾ കൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയും ആയിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇയാളെ പിടികൂടുന്നതിനായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ. ദിവ്യ.വി.ഗോപിനാഥിന്റെ നിർദ്ദേശാനുസരണം പ്രത്യേകടീം രൂപീകരിച്ച് നടത്തിയ



മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്ത
വിഷ്ണു (27)

അന്വേഷണത്തിലാണ് ഇയാൾ അറസ്റ്റിലായത്. മണ്ണന്തല എസ്.എച്ച്.ഒ സജുകുമാർ, എസ്.ഐ ഗോപിചന്ദ്രൻ, സി.പി.ഒ-മാരായ രതീഷ്, ശ്രീജിത്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

**നിരോധിത പുകയില ഉല്പന്നവിൽപ്പന : രണ്ടുപേർ പിടിയിൽ**

നിരോധിത പുകയില ഉല്പന്നങ്ങൾ വിൽപ്പന നടത്തിയതിന് രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പാറോട്ടുകോണം സ്നേഹ ജംഗ്ഷനിലെ അജ്മൽ ഷോപ്പി, ആർ.ആർ സ്റ്റോർ എന്നീ കടകളിൽ നിന്നാണ് പുകയില ഉല്പന്നങ്ങൾ പിടികൂടിയത്. കടയുടമകളായ ഇല്ല്യാസ് (40), രമേഷ് (50) എന്നിവരെ മണ്ണന്തല പോലീസ് അറസ്റ്റ് ചെയ്തു. ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം സിറ്റി പോലീസ് നടത്തി വരുന്ന നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമും മണ്ണന്തല പോലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടിയത്.

തിരുവനന്തപുരം സിറ്റി

31-12-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി